For Private Circulation Only

November 2025

ആഗമനാഗമം

HOLY BIBLE

Vol.72

" ഒരുത്തനോടു ഒരുത്തൻ ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സർവ്വഭൂമിയും.....എന്നു ആർത്തു പറഞ്ഞു " (1യോഹ. 5:12)

No.11

ദൈവത്തിന്റെ വിശുദ്ധി

By Arthur W.Pink

" കർത്താവേ, ആർ നിന്നെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും; നീയല്ലോ ഏക പരിശുദ്ധൻ " നിന്റെ ന്യായവിധികൾ വിളങ്ങി വന്നതിനാൽ സകല ജാതികളും വന്നു തിരുസന്നിധിയിൽ നമസ്ക്കരിക്കും " (വെളി. 15:4). ദൈവം സ്വതന്ത്രമായി, അനന്തമായി മാറ്റമില്ലാത്തവനായി പരിശുദ്ധൻ ആണ്. തിരുവചനത്തിൽ ഇത് വ്യക്തമായി വരച്ചുകാട്ടിയിരിക്കുന്നു. " പരിശുദ്ധൻ " - കാരണം ധാർമ്മിക മൂല്യങ്ങളുടെ സർവ്വസമ്പൂർണ്ണതയും ദൈവത്തിൽ കാണാം. അവിടുന്ന് അത്യന്തികമായി വിശുദ്ധൻ ആണ്, പാപത്തിന്റെ കണിക ലവലേശമില്ല. " ദൈവം വെളിച്ചം ആകുന്നു; ദൈവത്തിൽ ഇരുട്ട് ഒട്ടും ഇല്ല " (1 യോഹ. 1:5). ഇങ്ങനെ നാം വായിക്കുന്നില്ലയോ, " ദോഷം കണ്ടു കൂടാതവണ്ണം നിർമ്മല ദൃഷ്ടിയുള്ളവനും, പീഡനം കാൺമാൻ കഴിയാത്തവനുമായുള്ളോവേ " (ഹബക്കൂക്ക് 1:13).

ദൈവത്തിന്റെ സർവ്വശക്തിയും മാനുഷിക ബലഹീനതകൾക്ക് വിപരീതമാണ്, ദൈവത്തിന്റെ ജ്ഞാനം മാനുഷിക ബലഹീനതകൾ ഇല്ലാത്തതും, അവിടുത്തെ വിശുദ്ധി എല്ലാ ധാർമ്മിക അധ:പതനത്തിനും എല്ലാ മലിനതകൾക്കും വിപരീതമാണ്. പഴയ യിസ്രായേലിലെ പാട്ടുകാർ ഇപ്രകാരം പാടി, " പിന്നെ അവൻ ജനത്തോട് ആലോചിച്ചിട്ട് വിശുദ്ധാലങ്കാരം ധരിച്ച്, സൈന്യത്തിനു മുമ്പിൽ നടന്നുകൊണ്ട് വാഴ്ത്തുവാനും യഹോവയെ സ്തുതിപ്പാനും " (2ദിന. 20:21). " ശക്തി എന്നത് ദൈവത്തിന്റെ കരമാണ്, സർവ്വജ്ഞാനി അവിടുത്തെ കണ്ണും, കരുണ തന്റെ പാത്രങ്ങളും, നിത്യത തന്റെ കാലഘട്ടവും, എന്നാൽ വിശുദ്ധി തന്റെ സൗന്ദര്യം ആണ്. ഇത്, ആത്യന്തികമായി, പാപത്തിന്റെ അധികാരത്തിൽ നിന്നും വീണ്ടെടുത്തു.

ഇത് ദൈവത്തിന്റെ പൂർണ്ണതക്ക് ഊന്നൽ കൊടുക്കുന്നു. ദൈവം തന്റെ സർവ്വശക്തിയെക്കാൾ പലപ്പോഴും വിശുദ്ധിക്ക് ഊന്നൽ കൊടുക്കുന്നു, തന്റെ സ്ഥാനത്തിന് ഇത് പകിട്ടേകുന്നു. ഇത് മറ്റ് ഏതൊരു വ്യക്തിയെക്കാളുമുപരി തന്റെ മഹത്വം വർദ്ധിപ്പിക്കുന്നു. തന്റെ ശക്തിയുള്ള നാമം, തന്റെ ബുദ്ധിയുള്ള നാമം, തന്റെ വലിയ നാമം എന്നീ നിലകളിൽ വിളിക്കുന്നതിനേക്കാൾ ഏറെ യോജിക്കുന്നതും ഏറെ ഇഷ്ടപ്പെടുകയും ചെയ്യുന്ന നാമം തന്റെ പരിശുദ്ധ നാമമാണ്. ഇത് ദൈവത്തിന് വലിയ ബഹുമാനമാണ്.

ഈ പൂർണ്ണത, മറ്റൊരുത്തനുമില്ല, സാറാഫുകൾ സന്തോഷത്തോടെ പാടി സ്തുതിക്കുന്ന നാമമാണിത്, " സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ " (യെശ.6:3). ഈ പൂർണ്ണത ദൈവത്തെ ഏകൻ ആക്കുന്നു, ഞാൻ ഒരിക്കൽ എന്റെ വിശുദ്ധിയെക്കൊണ്ട് സത്യം ചെയ്തിരിക്കുന്നു " (സങ്കീ. 89:35). അവിടുന്ന് **വിശുദ്ധി** തന്റെ തീരുമാനം പ്രസിദ്ധമാക്കിയിരിക്കുന്നു കാരണം ഇത് മറ്റെല്ലാക്കാളും പൂർത്തിയുള്ള ദൈവത്തിന്റെ പ്രഖ്യാപനമാണ്. അതുകൊണ്ട് ഞങ്ങൾ ഇങ്ങനെ ഘോഷിക്കുന്നു, " യഹോവയുടെ വിശുദ്ധന്മാരെ അവനു സ്തുതി പാടുവിൻ; അവന്റെ വിശുദ്ധനാമത്തിനും സ്തോത്രം ചെയ് വിൻ " (സങ്കീ.30:4). ദൈവീകഗുണ വിശേഷങ്ങളിൽ ഒന്നായി ഇത് പറയപ്പെട്ടിരിക്കുന്നു. ഇത്, ആയിരിക്കുന്നതുപോലെ ശേഷിപ്പിലൂടെ ഓടുന്നു, ഇത് ദൈവിക ഗുണങ്ങളിൽ ഒരു ഗുണമായിരിക്കുന്നു. ഇങ്ങനെ നാം വായിക്കുന്നു. യഹോവയുടെ മനോഹരത്വം കാണ്മാനും (സങ്കീ. 27:4), " മറ്റൊരുത്തനുമില്ല, വിശുദ്ധ വസ്ത്രാലങ്കാരത്തോടെ " (സങ്കീ. 110:3).

ദൈവത്തിന്റെ സകല സമ്പൂർണ്ണതയും ദൈവത്തിന്റെ മഹത്വമാണ്, അത് എല്ലാറ്റിന്റെയും മഹത്വമാണ്. ദൈവത്തിന് മഹത്വമാണ് എന്ന നിലയിൽ ഓരോ സമ്പൂർണ്ണതയും ദൈവത്തിൽ മഹത്വമായിരിക്കുന്നു. ദൈവത്തിന്റെ ശക്തി ലോകത്തിന്റെ ശക്തിയായിരിക്കുന്നതുപോലെ ദൈവത്തിന്റെ വിശുദ്ധി അവർക്കു മനോഹരമായിരിക്കുന്നു. ബലഹീനനായിരിക്കുന്നവൻ അവർക്കു സർവ്വശക്തിയില്ല, അതുകൊണ്ട് വിശുദ്ധിയില്ലാതെ അവർക്കു അലങ്കാരവുമില്ല. വിശുദ്ധിയില്ലാത്തവൻ തന്റെ പ്രകാശത്തെ നഷ്ടമാക്കുന്നു, അത് തന്റെ ചൂട് നഷ്ടമാക്കുന്നു, അത് തന്റെ ബലം നഷ്ടമാക്കുന്നു, ഉല്പാദനക്ഷമതയും, ജീവന് ഉത്തേജനം നൽകുന്ന കഴിവും നഷ്ടമാക്കുന്നു. ആത്മാർത്ഥത എന്നത് ഓരോ ക്രിസ്ത്യാനിയുടെയും മുഖമുദ്രയാണ്. വിശുദ്ധി എന്നത് ദൈവീക ഗുണങ്ങളുടെ മഹത്വമാണ്. അവിടുത്തെ നീതി എന്നത് വിശുദ്ധ നീതിയാണ്,, അവിടുത്തെ ജ്ഞാനം വിശുദ്ധ ജ്ഞാനമാണ്; അവിടുത്തെ കരത്തിന്റെ ശക്തി ഒരു വിശുദ്ധകരമാണ് (സങ്കീ. 98:1); അവിടുത്തെ സത്യം അഥവാ വാഗ്ദത്തം ഒരു വിശുദ്ധ വാഗ്ദത്തമാണ് (സങ്കീ. 105:42); അവിടുത്തെ പേര്, ദൈവത്തിന്റെ ഗുണഗണങ്ങൾ വെളിപ്പെടുത്തുന്നതാണ്, അത് വിശുദ്ധിയുമാണ്. (103:1) .

ദൈവത്തിന്റെ വിശുദ്ധിയുടെ വെളിപ്പാട്

ദൈവത്തിന്റെ വിശുദ്ധി തന്റെ പ്രവൃത്തികളിൽ വെളിപ്പെട്ടിരിക്കുന്നു. " യഹോവ തന്റെ സകല വഴികളിലും നീതിമാനും തന്റെ സകല പ്രവൃത്തികളിലും ദയാലുവും ആകുന്നു " (സങ്കീ. 145:17). ബുദ്ധിമാൻ തന്റെ പ്രവർത്തികൾക്കും പ്രമാണമായിരിക്കുന്നു. സൃഷ്ടിയുടെ ആരംഭത്തിൽ സകലവും നല്ലത് എന്ന് യഹോവ കണ്ടു (ഉല്പ. 1:31). സൃഷ്ടിച്ചത് എല്ലാം പൂർണ്ണവും

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ വിശുദ്ധി

വിശുദ്ധവും ആയിരുന്നു. ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു (സഭാ പ്ര. 7:29). അവിടുത്തെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. വീണുപോയ ദൂതന്മാർ വിശുദ്ധരായി സൃഷ്ടിക്കപ്പെട്ടു, തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്ത വാസസ്ഥലം വിട്ടു പോയ ദൂതന്മാർ (യൂദാ6). സാത്താനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്, നിന്നെ സൃഷ്ടിച്ച നാൾ മുൽ നിന്നിൽ നീതികേട് കണ്ടതു വരെ നീ നടപ്പിൽ നിഷ്ടകളങ്കനായിരുന്നു (യെഹ. 28:15).

ദൈവത്തിന്റെ വിശുദ്ധി തന്റെ ന്യായപ്രമാണത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ആ ന്യായപ്രമാണം പാപത്തിന്റെ എല്ലാ പ്രവൃത്തികളേയും വെറുക്കുന്നു. രൂപകല്പന വരുത്തി എത്ര ആകർഷകരമായിരുന്നാലും, ശരീരത്തിന് ദോഷം ചെയ്യുന്നതെങ്കിൽ, ചിന്തകളെ അനാവശ്യമായി ഉദ്ദീപിപ്പിക്കുന്നു എങ്കിൽ അത് വെറുക്കപ്പെടേണ്ടതാണ്. അതുകൊണ്ട് വചനം പറയുന്നു, “ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നെ” (റോമ. 7:12). അതെ, “യഹോവയുടെ ആജ്ഞകൾ നേരുള്ളവ; അവ ഹൃദയത്തെ സന്തോഷിപ്പിക്കുന്നു; യഹോവയുടെ കല്പന നിർമ്മലമായത്; അത് കണ്ണുകളെ പ്രകാശിപ്പിക്കുന്നു; യഹോവ ഭക്തി നിർമ്മലമായത്; അത് എന്നേക്കും നിലനിൽക്കുന്നു; യഹോവയുടെ വിധികൾ സത്യമായവ; അവ ഒട്ടൊഴിയാതെ നീതിയുള്ളവയാകുന്നു (സങ്കീ. 19:8,9).

ദൈവത്തിന്റെ വിശുദ്ധി ക്രൂശിൽ വെളിപ്പെടുത്തിയിരിക്കുന്നു. അത്ഭുതകരമായും ഭംഗിയായും കർത്താവ് തന്റെ പ്രായശ്ചിത മരണത്തിൽ തന്റെ അനന്തമായ വിശുദ്ധിയെ വെളിപ്പെടുത്തിയിരിക്കുന്നു, പാപത്തെ വെറുക്കുകയും ചെയ്യുന്നു. ദൈവത്തിന് എത്ര വെറുക്കപ്പെട്ട താണ് പാപം, അവിടുന്ന് പാപത്തെ ശിക്ഷിക്കുന്നു.

കഠിനമായ തന്റെ ന്യായവിധികൾ, അത് ദുഷ്ടലോകത്തിന്മേൽ പകരുന്നു, ദുഷ്ട ദൂതന്മാരുടെമേൽ പകരുന്നു, പാപത്തിനടിമപ്പെട്ട സകലത്തിന്മേലും പകരുന്നു, വെറുക്കപ്പെട്ട പാപികളുടെ ഈ പാപമെല്ലാം തന്റെ പുത്രന്മേൽ ചുമത്തി, തന്റെ നിലവിളി ശ്രദ്ധിക്കാതെ മാനവജാതിയുടെ സകല പാപവും തന്റെ മേൽ ചുമത്തി. ആ നിലവിളി കാണുവാൻ കഴിയാതവണ്ണം മുഖം മറെച്ചുകളഞ്ഞു. “എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്”? അവിടുന്ന് വിശുദ്ധനായിരിക്കയാൽ അവിടുന്നു എല്ലാ പാപവും വെറുക്കുന്നു. തന്റെ

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 ഒക്ടോബർ മാസം നമ്മെ വിട്ട് കടന്നു പോയി നവംബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

“അടിമവീടായ മിസ്രയീം ദേശത്തു നിന്നു നിന്നെ കൊണ്ടു വന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്. വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്ക്കരിക്കയോ സേവിക്കയോ ചെയ്യരുത്. നിന്റെ ദൈവമായ യഹോവ എന്ന ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു. എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യവും മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ച് എന്റെ കൽപനകളെ പ്രമാണിക്കുന്നവർക്ക് ആയിരം തലമുറവരെ ദയ കണിക്കയും ചെയ്യുന്നു”.

നിങ്ങൾ തീക്ഷ്ണമായ ആവേശത്തോടെ ദൈവത്തെ സേവിക്കുകയും നല്ല ആത്മീക നിലവാരം പുവർത്തുകയും ചെയ്യുമ്പോൾ കർത്താവ് സന്തോഷിക്കുന്നു. എന്നാൽ പ്രത്യാശയ്ക്ക് വകയില്ലാത്ത നിത്യനാശത്തിലേക്ക് പോകുന്നുവെങ്കിൽ നിങ്ങളെക്കുറിച്ച് കർത്താവ് ഭയപ്പെടുന്നു. മടങ്ങി വരിക. കർത്താവ് നിങ്ങളെ വിളിക്കുന്നു. എന്നാൽ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് എടുത്തു ചാടി അതിന്റെ ഓളങ്ങളിൽ നീന്തിത്തുടിക്കുന്നത് കാണുമ്പോൾ കർത്താവിന്റെ ഹൃദയം സന്തോഷിക്കുന്നു.

നാം നമ്മുടെ സ്വയത്തെ ത്യജിച്ച് ദൈവസ്നേഹത്തിന്റെ നിത്യമായ ബന്ധത്തിൽ നമ്മെ ഏല്പിക്കുമ്പോൾ അവിടുത്തെ കൃപയും ശക്തിയും നമ്മിൽ വർദ്ധിച്ചു വരും. പൂർണ്ണ ഹൃദയത്തോടെ പൂർണ്ണമനസ്സോടെ തിടുക്കത്തോടെ കർത്താവിനെ പിൻപറ്റുവാൻ ദൈവം നിങ്ങളെ സഹായിക്കുകയും അനുഗ്രഹിക്കയും ചെയ്യട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ വിശുദ്ധി

ന്യായപ്രമാണത്തിനു വിധേയപ്പെടുന്ന സകലത്തെയും അവിടുന്ന് സ്നേഹിക്കുന്നു, തന്റെ ന്യായപ്രമാണത്തിനോട് എതിർത്തു നിൽക്കുന്ന എല്ലാറ്റിനെയും അവിടുന്ന് വെറുക്കുന്നു. തന്റെ വചനം വ്യക്തമായി പറയുന്നു, "വക്രതയുള്ളവർ യഹോവക്കു വെറുപ്പാകുന്നു" (സദൃ. 3:32). വീണ്ടും പറയുന്നു, ദുരുപായങ്ങൾ യഹോവെക്കു വെറുപ്പ് (സദൃശ. 15:26). ഇത് തുടരുന്നു, അതുകൊണ്ട്, അവിടുന്നു പാപത്തെ ശിക്ഷിക്കുന്നു. ദൈവം പലപ്പോഴും പാപികളെ സ്നേഹിക്കുന്നു, താൻ ഒരിക്കലും പാപത്തോട് ക്ഷമിക്കുന്നില്ല. " രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല " (എബ്രാ. 9:22). അതുകൊണ്ട് ഇങ്ങനെ പറയപ്പെട്ടിരിക്കുന്നു, "ദൈവം തീക്ഷ്ണതയുള്ളവനും യഹോവ പ്രതികാരം ചെയ്യുന്നവനും ആകുന്നു; യഹോവ പ്രതികാരം ചെയ്യുന്നവനും ക്രോധപൂർണ്ണനുമാകുന്നു; യഹോവ തന്റെ വൈരികളോടു പ്രതികാരം ചെയ്യുകയും ശത്രുക്കൾക്കായി കോപം സംഗ്രഹിക്കയും ചെയ്യുന്നു" (നഹൂം 1:2). ഒരു പാപത്തിന് ആദ്യമാതാപിതാക്കന്മാരെ ഏദെനിൽ നിന്നും പുറത്താക്കി. ഒരു പാപം മുഖാന്തിരം മോശെ ഏദെനിൽ നിന്നു പുറത്തായി, ഏലീശയുടെ ബാല്യക്കാരൻ കുഷ്ഠ രോഗിയായിത്തീർന്നു. അനന്യാസും സഫീറയും ജീവനുള്ളവരുടെ ദേശത്തു നിന്നു മാറ്റപ്പെട്ടു.

പാപിയായ മനുഷ്യന്റെ പേരിൽ ദൈവത്തിന്റെ വിശുദ്ധിയുടെ വെളിപ്പാട്

ഇവിടെ ദൈവത്തിന്റെ പ്രകാശനം തെളിവായി വെളിപ്പെട്ടിരിക്കുന്നു. വീണ്ടും ജനനം പ്രാപിക്കാത്ത ഒരു വനു ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള അവരുടെ ചിന്താഗതി ഒരു പ്രത്യേകനിലയിലാണ്. അവർ ദൈവത്തിന്റെ ആലോചനയെ തള്ളിക്കളയുന്നു. "ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവൻ എന്ന് നീ നിരൂപിച്ചു" (സങ്കീ. 50:4). ദൈവം അവരെ വിധിക്കും. അവർ ചിന്തിക്കുന്നത് ദൈവം തന്റെ സ്വന്തം പദ്ധതിപ്രകാരം തനിക്കിഷ്ടമുള്ളത് ചെയ്യുന്നു എന്ന് അവരുടെ ദുഷ്ടഹൃദയത്തിൽ ചിന്തിക്കുന്നു. അങ്ങനെ തുടരുകയും ചെയ്യുന്നു.

ദൈവവചനം ഘോഷിക്കുന്ന വിശുദ്ധിയുടെ ദിവ്യപ്രകൃതിയും സ്വഭാവവും പ്രകൃത്യാതീത സ്വഭാവവും വരെച്ചുകാട്ടിയിരിക്കുന്നു. ആധുനികവും പുരാതനവുമായ കാലഘട്ടങ്ങളിൽ വരച്ചുകാട്ടുന്ന ദൈവസങ്കല്പങ്ങളുണ്ട്, എന്നാൽ നമ്മുടെ ദൈവം വിശുദ്ധനും തെറ്റിക്കൂടാത്തവനും ആകുന്നു. ഒരു വലിയ വിശുദ്ധനായ ദൈവം, അവിടുന്ന് പാപത്തെ വെറുക്കുന്നു, അവിടുന്ന് വീണുപോയ ആദാമിനെയോ തന്റെ പിൻഗാമിയെയോ സൃഷ്ടിച്ചില്ല! മാറ്റമില്ലാത്ത, വിശുദ്ധനായ ആദ്യനും അന്ത്യനും ആയ ദൈവത്തിന്റെ മുമ്പാകെ, മനുഷ്യൻ തന്റെ ഹൃദയത്തിൽ പാപം ചെയ്തു നഷ്ടപ്പെട്ടവനായിത്തീർന്നു. പാപത്തെക്കുറിച്ചുള്ള തന്റെ സ്വന്തം ആശയത്തെ ലോകം **കുറ്റകരം** എന്നു വിളിക്കുന്നു. മനുഷ്യൻ അതിനെ ലഘൂകരിച്ച്, **കുറവ്, തെറ്റ്, ബലഹീനത** തുടങ്ങിയ പേരുകളിൽ വിളിക്കുന്നു. പാപം എന്ന് അംഗീകരിക്കുന്നില്ല, ഒഴികഴിവുകൾ കണ്ടുപിടിക്കുന്നു.

ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും ലൗകിക ഉല്ലാസങ്ങളിൽ മുഴുകിയിരിക്കുന്നു, പാപത്തെക്കുറിച്ച് അനുതപിക്കുന്നില്ല, യുവാക്കൾക്ക് ദൈവഭയമില്ല. എന്നാൽ വചനം പറയുന്നു, " അഹങ്കാരികൾ നിന്റെ മുമ്പിൽ നില്ക്കയില്ല " (സങ്കീ. 5:5). വീണ്ടും, ദൈവം നീതിയുള്ള ന്യായാധിപതിയാകുന്നു; ദൈവം ദിവസംപ്രതി കോപിക്കുന്നു (സങ്കീ. 7:11). എന്നാൽ മനുഷ്യൻ ദൈവത്തെ വിശ്വസിക്കുവാൻ കൂട്ടാക്കുന്നില്ല, അവരുടെ ശ്രദ്ധമുഴുവനും ദോഷവഴിയിലേക്കാകുന്നു. അവരെ മടക്കിക്കൊണ്ടുവരുവാൻ സാദ്ധ്യമല്ല, നിത്യാഗ്നിക്ക് ഇരയായിത്തീരും.

കാരണം ദൈവം വിശുദ്ധനാകുന്നു, അങ്ങനെ അവനെ മടക്കി വരുത്തുക എന്നത് അസാധ്യമാണ്. വീണുപോയ മനുഷ്യൻ ദൈവത്തെ വിട്ട് വേറെ വഴിയിൽ അവൻ ബദ്ധപ്പെട്ടുപോകുകയാണ്, വിശുദ്ധിയുടെ വഴിയിലേക്ക് അവരെ മടക്കി വരുത്തുക പ്രയാസമാണ്. ഇരുട്ടിനു വെളിച്ചത്തോടു കൂടെ പാർക്കുവാൻ കഴിയുമോ? പാപിയായ മനു

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക — *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക — *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക — *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക — *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക — *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക — *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക — *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക — *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക — *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ദൈവത്തിന്റെ വിശുദ്ധി

ഷ്യൻ മലിനപ്പെട്ടിരിക്കുന്നു. ഒരു ചീത്ത മരം നല്ല ഫലം പുറപ്പെടുവിക്കയില്ല.

മനുഷ്യകുലം വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. തന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ, തന്റെ വിശുദ്ധി ആവശ്യപ്പെട്ടിരിക്കുന്നു, കർത്താവായ യേശുക്രിസ്തുവിൽ തന്റെ കൃപ പകരപ്പെട്ടിരിക്കുന്നു. ഓരോ പാവപ്പെട്ട പാപിയും അഭയത്തിനായി തന്റെ സമീപെ വരുന്നു, തനിക്ക് പ്രിയനായവനിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു (എഫെ. 1:6). ഹല്ലേലൂയ്യ!

മനുഷ്യൻ ദൈവത്തെ സമീപിക്കുന്നു

നമ്മുടെ ദൈവം വിശുദ്ധനാകയാൽ, അത്യന്തം ബഹുമാനം അവിടുത്തെക്കു അർപ്പിക്കേണ്ടതാണ്. "ദൈവം വിശുദ്ധന്മാരുടെ സംഘത്തിൽ ഏറ്റവും ഭയങ്കരനും അവന്റെ ചുറ്റുമുള്ള എല്ലാവർക്കും മീതെ ഭയപ്പെടുവാൻ യോഗ്യനും ആകുന്നു അപ്പോൾ, നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ പാദ പീഠത്തിങ്കൽ നമസ്ക്കരിപ്പിൻ; അവൻ പരിശുദ്ധൻ ആകുന്നു " (99:5) അതെ അവിടുത്തെ പാദപീഠത്തിങ്കൽ, താഴ്മയുള്ളവനായിരിക്ക, വണങ്ങി നമസ്ക്കരിക്ക. കത്തികൊണ്ടിരുന്ന മുൾചെടിയുടെ അടുക്കൽ ചെന്നു, ദൈവം പറഞ്ഞു, " നിന്റെ കാലിൽ നിന്നും ചെരിപ്പ് അഴിച്ചുകളക " (പുറ. 3:5). ഭയത്തോടെ യഹോയെ സേവിപ്പിൻ (സങ്കീ. 2:11). യിസ്രായേലിനെക്കുറിച്ച് തന്റെ ആഗ്രഹം എന്നത്, അപ്പോൾ മോശ എന്നോട് അടുക്കുന്നവരിൽ ഞാൻ ശുദ്ധീകരിക്കപ്പെടും; സർവ്വജനത്തിനും മുമ്പാകെ ഞാൻ മഹത്വപ്പെടും എന്ന് യഹോവ അരുളിചെയ്യുന്നു (ലേവ്യ 10:3). എത്രത്തോളം നമ്മുടെ ഹൃദയം അവിടുത്തെ വിശുദ്ധിക്കുമുമ്പിൽ ഭയപ്പെടുമോ അത്രത്തോളം അവിടുന്ന് നമ്മെ അനുഗ്രഹിക്കും.

നമ്മുടെ ദൈവം വിശുദ്ധൻ ആകയാൽ നാമും അവിടുത്തോട് അനുരൂപപ്പെടേണ്ടതാണ്. അവിടുത്തെ കല്പന എന്നത്, "ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (1പത്രൊ. 1:16). നാം ഒരിക്കലും സർവ്വശക്തനോ സർവ്വജ്ഞാനിയോ ആകയില്ല, എന്നാൽ നമുക്ക് വിശുദ്ധരാകുവാൻ കഴിയും, കൂടാതെ, " നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം" (1പത്രൊ. 1:15).

ദൈവത്തെ ബഹുമാനിപ്പാൻ ഏറ്റവും നല്ല വഴി ഇതാണ്. ഉയർത്തിയ അത്ഭുതങ്ങളാലല്ല, ഉന്നതമായ പ്രവചനങ്ങളിലൂടെയല്ല. പിന്നെയോ അനുതാപ ഹൃദയത്തോടെ, താഴ്മയോടെ ആത്മാവിൽ കളങ്കമില്ലാതെ കർത്താവിനുവേണ്ടി, കർത്താവിനെപ്പോലെ ജീവിക്കേണം.

ദൈവം മാത്രമാണ് വിശുദ്ധൻ, നമുക്ക് അവിടുത്തെ വിശുദ്ധിയെ അന്വേഷിക്കാം. നമ്മുടെ ദിനംപ്രതിയുള്ള പ്രാർത്ഥന ഇതായിരിക്കട്ടെ, സമാധാനത്തിന്റെ " ദൈവം തന്നെ (ഞങ്ങളെ) മുഴുവൻ ശുദ്ധീകരിക്കുമാറാകട്ടെ (ഞങ്ങളുടെ) ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷനതയിൽ അനിന്ദ്യമായി വെളിപ്പെടുവാൻ തക്കവണ്ണം കാക്കപ്പെടുമാറാകട്ടെ" (1തെസ്സ. 5:23).

❖

എത്തിപ്പിടിക്കുന്ന വിശുദ്ധി

By Rich Carmicheal

ഈ ലേഖനത്തിലൂടെ ആഗമനദൂതൻ ലക്ഷ്യമിടുന്ന വിഷയം എന്നത് വിശുദ്ധി ആണ്. തിരുവചനത്തിൽ ധാരാളം വാക്യങ്ങൾ വിശുദ്ധിയെ സംബന്ധിച്ച് നമുക്കു കാണാൻ കഴിയും.

" നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. ഞാൻ വിശുദ്ധൻ ആയിരിക്കയാൽ നിങ്ങളും വിശുദ്ധരാകുവിൻ" (1പത്രൊ. 1:15,16).

" എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ; ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" (എബ്രാ. 12:14).

" സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവിമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിന് മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുത്തു" (എഫെ. 1:3,4).

" ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജല സ്നാനത്താൽ വെടിപ്പാക്കി ശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം, മുതലായത് ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുൻനിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു " (എഫെ. 5:25-27).

" എന്നാൽ ഞങ്ങൾക്ക് നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതുപോലെ കർത്താവ് നിങ്ങൾക്കു തമ്മിലും ഏല്ലാവരോടുമുള്ള സ്നേഹം വർദ്ധിച്ചു കവിയുമാറാക്കുകയും ഇങ്ങനെ നമ്മുടെ കർത്താവായ യേശു തന്റെ സകല വിശുദ്ധന്മാരുമായി വരുന്ന പ്രത്യക്ഷതയിൽ നമ്മുടെ ദൈവവും പിതാവുമായവന്റെ മുമ്പാകെ വിശുദ്ധീകരണത്തിൽ അനിന്ദ്യരായി വെളിപ്പെടും വണ്ണം ഞങ്ങളുടെ ഹൃദയങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യുമാറാകട്ടെ" (1തെസ്സ. 3:12,13).

" പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക" (2കൊരി. 7:1).

വിശുദ്ധി എന്നത് അടിസ്ഥാനപരമായി ആരാണ് ദൈവമെന്നും അവിടുന്ന് നമ്മെ വിളിച്ചു ആക്കിയിരിക്കുന്നതും ആകുന്നു. യേശു നമുക്കുവേണ്ടി എന്തുകൊണ്ട് ഏല്പിച്ചു തന്നു എന്നുള്ളതും ആകുന്നു. യേശുക്രിസ്തുവിന് നമ്മിലുള്ള സ്വാധീനം എന്ത് എന്നുള്ളതും ആകുന്നു.

വിശുദ്ധിയുടെ ചിന്താഗതികൾ

ഈ ലേഖനത്തിൽ ധാരാളം വിഷയങ്ങൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. തന്റെ ഉദ്ദേശത്തിനായി അവിടുന്ന് നമ്മെ ആക്കി വച്ചിരിക്കുന്നു എന്നും, പൂർണ്ണമായി ദൈവത്തിൽ ഏകാഗ്രമാക്കി തന്റെ പ്രകൃതിയാൽ നമ്മെ നിറയ്ക്ക എന്നതും ആകുന്നു. മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളായി വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധിച്ച് പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചുകൊൾവിൻ (എഫെ.

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

എത്തിപ്പിടിക്കുന്ന വിശുദ്ധി

4:22-24). **ജെ.സി. റൈയിൽ** ഇങ്ങനെ എഴുതുന്നു, " ഒരു വിശുദ്ധ മനുഷ്യൻ തനിക്ക് അറിവുള്ള പാപത്തിൽ നിന്നെല്ലാം വിടുതൽ പ്രാപിക്കുന്നു, അറിവുള്ള എല്ലാ കല്പനകളേയും അവൻ പാലിക്കുന്നു. തന്റെ മനസിനെയും ഹൃദയത്തെയും ദൈവഹിതപ്രകാരം തിരിച്ചുവിടുന്നു. ദൈവത്തിന്റെ ഇഷ്ടം ചെയ്യുവാൻ ആഗ്രഹിക്കുന്നു. ദൈവപ്രസാദത്തിനല്ലാത്ത കാര്യങ്ങൾ ചെയ്യുവാൻ ഭയപ്പെടുന്നു, അവിടുത്തെ വഴികളെയെല്ലാം അവൻ സൂക്ഷിക്കുന്നു ".

1860 - 1936 വരെ ജീവിച്ചിരുന്ന സാമുവൽ എൽ.ബ്രങ്കിൽ എന്ന ദൈവഭക്തൻ വിശുദ്ധിയുടെ വഴി എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു,..... " ഒരു വിശുദ്ധിയുള്ള മനുഷ്യൻ ദൈവത്തെപ്പോലെയാണ്. അവൻ എല്ലാം അറിയുന്നില്ല, ദൈവത്തിനുള്ള സർവ്വ ശക്തി അവനില്ല. എന്നാൽ ദൈവ പ്രകൃതി അവനുണ്ടായിരിക്കും. അവൻ നല്ലവൻ ആകുന്നു. ശുദ്ധിയുള്ളവൻ, ദൈവം ആയിരിക്കുന്നതുപോലെ സ്നേഹവും നീതിയുമുള്ളവനായിരിക്കുന്നു. വിശുദ്ധി, അപ്പോൾ ദൈവത്തിന്റെ പ്രകൃതിയോട് അനുരൂപമായിരിക്കുന്നു. ഇത് ദൈവത്തിന്റെ സാദൃശ്യം ആണ്, അത് കർത്താവായ യേശുവിൽ വെളിപ്പെട്ടിരിക്കുന്നു".

വിശുദ്ധിയെക്കുറിച്ച് ബ്രങ്കിൽ പറഞ്ഞിരിക്കുന്നത്, ഈ ലോകത്തിൽ ആയിരിക്കുമ്പോൾ തന്നെ, ആവോളം നന്മ ചെയ്ത് കൊണ്ട്, ഈ ലോകത്തിന്റെ ഭാഗമാകാതെ ജീവിക്കേണം (യോഹ. 17:16-18).അവിടുത്തെപ്പോലെ ജീവിതവും വിശുദ്ധമായിരിക്കേണം (1 യോ. 3:3). ദൈവസ്നേഹത്തിലും നാം കർത്താവിനെപ്പോലെ ആയിരിക്കേണം, എല്ലാ മനുഷ്യർക്കും, നമ്മുടെ ശത്രുക്കൾക്കുപോലും, എന്നാൽ പ്രത്യേകിച്ചു കർത്താവിൽ നമ്മുടെ സഹോദരീ സഹോദരന്മാർക്കും നന്മ ചെയ്യേണം. (യോഹ. 13:14). കർത്താവിനെപ്പോലും ദൈവം നമ്മിൽ വസിക്കുന്ന അനുഭവമായിരിക്കേണം (14:11,20). ഇങ്ങനെ ബ്രങ്കിൽ ചുരുക്കുന്നു, "നാം കർത്താവിനെപ്പോലെ, ഈ ലോകത്തിൽ നിന്നും വേർപ്പെടുമ്പോഴും വിശുദ്ധിയിലും, സ്നേഹത്തിലും, ആത്മനിറവിലും ആയിരിക്കേണം".

വിശുദ്ധിയുടെ ഉറവിടവും അതിന്റെ വ്യാപ്തിയും

സാധാരണയായി ഇപ്രകാരമുള്ള സ്നേഹവും ജീവിതവും, ദൈവസാന്നിദ്ധ്യത്തിന്റെ നിറവും, ശക്തിയും കൃപയും നമ്മിലും നമ്മിലൂടെയും പ്രവർത്തിക്കുന്നു. ആർതർ പിങ്ക് നമ്മെ ഓർമ്മിപ്പിക്കുന്നത്, ദൈവം മാത്രമാണ് വിശുദ്ധിയുടെ ഉറവിടം ". റയൽ എന്ന ദൈവഭക്തൻ പറയുന്നു, "വിശുദ്ധി ക്രിസ്തുവിൽ നിന്നും വരുന്നു. ഇത് ദൈവവുമായിട്ടുള്ള കൂട്ടായ്മയുടെ പരിണിത ഫലമാണ്. ഇത് സാക്ഷാൽ മുന്തിരിവള്ളിയുടെ ശരിയായ ഫലങ്ങളാണ്.

അങ്ങനെ, നാം കർത്താവിനോട് പ്രാർത്ഥിക്കുമ്പോൾ അവിടുന്നു നമ്മിൽ വസിച്ച്, നമ്മിൽ പ്രവർത്തിച്ച് നമ്മെ വിശുദ്ധിയുടെ കൂട്ടാളികളാക്കുന്നു " (എബ്രാ. 12:10). " നാം എപ്പോഴും ക്രിസ്തുവിങ്കലേക്ക് നോക്കി, അവൻ നമുക്ക്, നീതിയും, വിശുദ്ധിയും, വീണ്ടെടുപ്പുമായിത്തീർന്നു " (1കൊരി. 1:30). " രക്തത്താലുള്ള ശുദ്ധീകരണത്തിനായി അവങ്കലേക്ക് നോക്കിയുമിരിക്കുന്നു " (എബ്രാ. 13:12, 1യോഹ. 1:7), വചനത്തിലാശ്രയിച്ച് കഴുകലും വിശുദ്ധീകരണവും പ്രാപിച്ചിരിക്കുന്നു (യോഹ. 17:17, എഫെ. 5:26).

അവിടുന്ന് ആഗ്രഹിക്കുന്ന വിശുദ്ധി നമ്മിൽ തികഞ്ഞു വരുവാൻ കർത്താവിങ്കലേക്ക് നോക്കുക, അവിടുന്നു തന്റെ വിശുദ്ധിയാൽ പൂർണ്ണമായി നമ്മെ നിറയ്ക്കും, നാം കർത്താവിന്റെ മഹത്വത്തിനായി പൂർണ്ണമായി ജീവിക്കും! (1 തെസ്സ. 5:23; 1പത്രൊ. 2:9).

❖

ഞങ്ങൾ പാപത്തെ ജയിക്കുന്നു

By Samuel Brengle

ദൈവത്തിന്റെ കരുണയെക്കുറിച്ച് പ്രസംഗിച്ച ഒരു പ്രാസംഗികനെക്കുറിച്ച് ഈയിടെ ഞാൻ വായിക്കുവാനിടയായി. ദൈവത്തിൽ കരുണയല്ലാതെ ഒന്നും ഇല്ല. എന്നാൽ അയാൾ ദൈവത്തെ പ്രതിനിധീകരിക്കുന്നില്ല. ആ പ്രതിനിധീകരണം വളരെ ലളിതമാണ്. ആളുകൾ അതിനെ ആഴമായി ചിന്തിക്കുന്നില്ല, അവർ അതിനെ ശരിയായ അർത്ഥത്തിൽ എടുക്കുവാൻ ആഗ്രഹിക്കുന്നില്ല, അത് സന്തോഷമുള്ളതാണ്, എന്നാൽ അത് അപകടകരമാണ്.

നാം ആത്മാക്കളെ നേടുന്നു എങ്കിൽ, നമ്മെ രക്ഷിക്കുന്നു എങ്കിൽ, നാം അതിനെ തള്ളാതെ പിടിച്ചുകൊള്ളേണം. " ദൈവത്തെയും അവിടുന്ന് അയച്ച കർത്താവായ യേശുക്രിസ്തുവിനെയും അറിയുന്നത് തന്നെ നിത്യജീവനാകുന്നു " (യോഹ. 17:3), അവിടുന്ന് സത്യദൈവവും വിശുദ്ധനായ ദൈവവും ആകുന്നു, അങ്ങനെ തന്നെ അവിടുന്ന് ആകുന്നു എന്നാൽ മനുഷ്യന്റെ ഹൃദയത്തിന് തോന്നിയതുപോലെ അനേക വ്യാജ ദൈവങ്ങളുമുണ്ട്.

ചില വ്യാജ മതനേക്കാന്മാരുണ്ട്, ക്രൂരന്മാരായ ദൈവങ്ങളുണ്ട്, അവർ നരകത്തിന്റെ അക്ഷരീകമായ ചിത്രം നമുക്കു തരുന്നു. അവർ മനുഷ്യനെ വേദനിപ്പിച്ച് സന്തോഷിക്കുന്നവർ, മനുഷ്യനെ പ്രത്യാശയില്ലാത്തവരാക്കിത്തീർക്കുന്നു.

മറ്റു ചിലർ തങ്ങളുടെ ദൈവത്തെ നല്ലവൻ നല്ലവൻ എന്ന് പുകഴ്ത്തുന്ന വ്യാജദൈവങ്ങളുണ്ട്. അവർ പാപത്തെ പ്രോത്സാഹിപ്പിക്കുന്നു, പാപത്തിൽ ജീവിക്കുന്നു. പാപത്തിലേക്ക് ജനത്തെ വഴി നടത്തുന്നു. നീ ശാസനയെ വെറുത്തു എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞു കളയുന്നുവല്ലോ. കള്ളനെ കണ്ടാൽ നീ അവന് അനുകൂലപ്പെടുന്നു. വ്യഭിചാരികളോടു നീ പങ്കു കൂടുന്നു. നിന്റെ വായ് നീ ദോഷത്തിന് വിട്ടു കൊടുക്കുന്നു, നിന്റെ നാവും വഞ്ചന പിണയ്ക്കുന്നു. നീ ഇരുന്നു നിന്റെ കൂട്ടു സഹോദരനു വിരോധമായി സംസാരിക്കുന്നു. നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു. ഇവ നീ ചെയ്തു ഞാൻ മിണ്ടാതിരിക്കയാൽ ഞാൻ നിന്നെപ്പോലെയുള്ളവൻ എന്ന് നീ നിരൂപിച്ചു. ദൈവത്തെ മറക്കുന്നവരേ ഓർത്തുകൊൾവിൻ. അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും വിടുവിപ്പാൻ ആരുമുണ്ടാകയില്ല " (സങ്കീ. 50:17-22).

സത്യം ഇതിന്റെ നടുവിൽ പ്രവർത്തിക്കുന്നു. ദൈവത്തിൽ കരുണയുണ്ട്. അത് പാപവുമായി കൂടികലർന്ന് കിടക്കുന്നു. ദൈവം കോപിക്കുന്നു. എന്നാൽ ദൈവത്തോട് അടുത്തു ചെല്ലുന്നവർക്ക് അവിടുന്ന് കരുണ കാണിക്കുന്നു.

ആത്മാക്കളെ നേടുന്നവർ, വേദപുസ്തക കാലങ്ങളിൽ ഉള്ളവർ ഇത്

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ഞങ്ങൾ പാപത്തെ ജയിക്കുന്നു

അംഗീകരിക്കുന്നു. നന്മയും തിന്മയും ഈ ലോകത്തിൽ കെട്ടുപിണഞ്ഞുകിടക്കുന്നു. അനേക പുസ്തകങ്ങളിൽ വച്ച് വേദപുസ്തകം ഒരു ആധികാരികതയുള്ള പുസ്തകമായി നിലകൊള്ളുന്നു.

പ്രകൃതി നമുക്ക് താക്കീത് നൽകുന്നു

പ്രകൃതി ദൈവത്തിന്റെ നന്മയെ ഘോഷിക്കുന്നു. തീ നമുക്ക് ആഹാരം പാകം ചെയ്യുവാനും നമുക്ക് അനുഗ്രഹമായിരിപ്പാനും മാത്രമല്ല, ഇത് നമ്മെ കത്തിച്ചുകളകയും ചെയ്യുന്നു. വെള്ളം നമുക്കു ദാഹം തീർക്കുവനും നമ്മെ ശുദ്ധീകരിക്കുവാനും മാത്രമല്ല, പ്രശ്നങ്ങളുണ്ടാക്കുവാനും നമ്മെ ഒഴുക്കിക്കളയുവാനും ഇടയാകുന്നു. പ്രകൃതിയിൽ ദൈവത്തിന്റെ പ്രവൃത്തിയെ അംഗീകരിച്ചാൽ, നാം അതിനെ അംഗീകരിപ്പാൻ, അനുസരക്കുവാൻ നമ്മെ ഏല്പിച്ചാൽ പ്രകൃതിയുടെ നിയമം സഹായകരമാണ്. എന്നാൽ അനുസരിക്കാതെ എതിർത്തു നിന്നാൽ ഭയാനകമായ നാശത്തിനിരയായിത്തീരും.

തിരുവചനം നമുക്കു താക്കീതു നൽകുന്നു

ദൈവത്തിന്റെ സമ്പന്നതയുടെ സ്വഭാവം നാം അറിയുവാനാഗ്രഹിക്കുന്നു എങ്കിൽ, അവിടുത്തെ വെളിപ്പാടുകളുടെ നിറവുകൾ പഠിക്കുവാനാഗ്രഹിക്കുന്നു എങ്കിൽ വേദപുസ്തകം വായിക്കേണം വചനം വചനവുമായി താരതമ്യപഠനം ചെയ്യേണം.

വേദപുസ്തകം പറയുന്നത് ദൈവത്തിന്റെ സ്നേഹം കരുണയോടെ പാപികളെ അന്വേഷിക്കുന്നു; എന്നാൽ തന്റെ നീതി പറയുന്നത്, പാപക്ഷമ, വിശ്വാസം, ദുഷ്പ്രവൃത്തികളിൽ നിന്നൊരു വേർപ്പാട്, ദൈവത്തിന്റെ ഇഷ്ടം അനുസരിക്കുക എന്നിവയാണ്.

വിവിധ വേദപുസ്തക പഠിപ്പിക്കലുകൾ പഠിപ്പിക്കുന്നത്, എങ്ങനെയാണ് ദൈവത്തിന്റെ കരുണയും ദൈവത്തിന്റെ നീതിയും ഒരുമിച്ച് പോകുന്നത് എന്നാണ്.

" അതുകൊണ്ട് ഇതാ ദൈവത്തിന്റെ നന്മയും ദൈവത്തിന്റെ കോപവും" പൗലൊസ് എഴുതുന്നു, അവരുടെ മേൽ അത് വീഴുന്നു, ദൈവകോപം; എന്നാൽ നിങ്ങൾക്ക് നന്മ അവിടുത്തെ നന്മകളിൽ തുടരുന്നു എങ്കിൽ, അല്ലെങ്കിൽ പൗലസിന്റെ വാക്കുകളിൽ (ദൈവത്തിന്റെ നന്മ, ദൈവത്തിന്റെ കോപത്തെ നശിപ്പിക്കുന്നില്ല) " നിങ്ങളും ഛേദിക്കപ്പെടും". നാം ബോധവാന്മാരായിരിക്കുക! അപ്പോൾ പൗലൊസ് കൂട്ടിച്ചേർക്കുന്നു, ഒരു ദയയുടെ സ്പർശനം, വ്യക്തമാണ് ദൈവത്തിന്റെ കോപം കരുണക്കായി കാത്തിരിക്കുന്നു അവരും കൂടെ, അവർ ചേധിക്കപ്പെടും " ആകയാൽ ദൈവത്തിന്റെ ദയ യും ഖണ്ഡിതവും കാൺക, വീണവരിൽ ദൈവത്തിന്റെ ഖണ്ഡിതവും നിന്നിലോ നീ ദയയിൽ നിലനിന്നാൽ ദയയും തന്നെ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും; അവിശ്വാസത്തിൽ " നിലനിൽക്കാഞ്ഞാൽ അവരേയും കൂടെ ഒട്ടിക്കും" (റോമ. 11:22,23).

പൗലൊസ് പിന്നെയും എഴുതുന്നത്, " ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്ന് അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേയ്ക്കു നിനക്കു തന്നെ കോപം ചരതിച്ചുവയ്ക്കുന്നു. അവൻ ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും. നല്ല പ്രവൃത്തിക്കു വേണ്ട സ്ഥിരത പൂണ്ട് തേജസും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്കു നിത്യ ജീവനും ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്കു കോപവും ക്രോധവും കൊടുക്കും. തിന്മ പ്രവൃത്തിക്കുന്ന ഏതു മനുഷ്യാത്മാവിനും കഷ്ടവും സങ്കടവും ആദ്യം യെഹൂദനും പിന്നെ യവനനും വരും. നന്മ പ്രവർത്തിക്കുന്ന ഏവനും മഹത്വവും മാനവും സമാധാനവും ആദ്യം യെഹൂദനും പിന്നെ യവനനും വരും. ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലോ". (റോമ. 2:4-11).

ദൈവത്തിന്റെ രക്ഷിക്കുന്ന കരുണ ദൈവകോപത്തിനെതിരെ വെളിപ്പെടുന്നു എന്ന് തിരുവചനം പറയുന്നു, ആഴമേറിയ സമുദ്രത്തിന്മേൽ വലിയ പർവ്വതങ്ങളെ വച്ചിരിക്കുന്നതുപോലെ.

എബ്രായ ലേഖനകാരൻ യേശുവിനെക്കുറിച്ചു പറയുന്നത്, " അതുകൊണ്ട് താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്വാൻ സദാ ജീവിക്കുന്നവൻ ആകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" (എബ്രാ. 7:25). പൗലൊസ് എഴുതുന്നത്, "എന്നാൽ ദൈവകോപം അവരുടെമേൽ മുഴുത്തു വന്നിരിക്കുന്നു " (1തെസ്സ. 2:16).

അവിടെ, അപ്പോൾ, വിശ്വസിക്കുന്ന എല്ലാവർക്കും വേണ്ടി ഒരുക്കിയിരിക്കുന്ന രക്ഷ, എന്നാൽ സ്വാർത്ഥരായ അവിശ്വാസികൾക്കും ദുഷ്ടന്മാർക്കും പാപികൾക്കും വേണ്ടി ദൈവത്തിന്റെ കോപവും വെളിപ്പെടും. സത്യത്തിൽ, " ദൈവത്തെ പരിഹസിച്ചുകൂടാ, മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും " (ഗലാ. 6:7). ദൈവം ന്യായവിധിയുടെ ദൈവമല്ലോ.

യേശു നമുക്കു താക്കീതു നൽകുന്നു.

തന്റെ വാക്കു കേട്ടു ചെയ്യുന്നവൻ പാറമേൽ അടിസ്ഥാനമിട്ടു വീട് പണിയുന്നവനോട് തുല്യൻ, മഴ പെയ്തു വെള്ളം പൊങ്ങി കാറ്റടിച്ചു അതു വീണില്ല, കേട്ടിട്ട് ചെയ്യാതെ അവഗണിക്കുന്നവൻ മണലിന്മേൽ വീടു പണിത മനുഷ്യനോട് തുല്യൻ, മഴ പെയ്തു, വെള്ളം പൊങ്ങി, കാറ്റടിച്ചു അത് വീണുപോയി " (മത്താ. 7:24-27). "വീണ്ടും അവിടുത്തെ വാക്കുകൾ, ഇവർ നിത്യ ദണ്ഡനത്തിലേക്കും നീതിമാന്മർ നിത്യജീവങ്കലേക്കും പോകും" (മത്താ. 25:46).

യേശു കല്യാണത്തിന് അടഞ്ഞു കിടക്കുന്ന വാതിലിനെക്കുറിച്ച് പറയുന്നു, കുറച്ചുപേർ അകത്ത് കർത്താവിനോടുകൂടെ, കുറച്ചുപേർ തള്ളപ്പെട്ടവർ അറിയപ്പെടാത്തവർ, നല്ലവരും വിശ്വസ്തരുമായ ദാസന്മാർ കർത്താവിന്റെ സന്തോഷത്തിൽ പ്രവേശിച്ചു, അവലബന്മാരും മടിയന്മാരുമായ ദാസന്മാർ പുറത്തുള്ള ഇരുട്ടിൽ, കുറച്ചുപേർ വലത്തുള്ളവർ, പിതാവിന്റെ മടിയിൽ സുരക്ഷിതരായി സന്തോഷവും സമാധാനവും പ്രാപിക്കുന്നു, ഇടത്തുള്ളവർ ഏറ്റവും പറുത്തുള്ള ഇരുട്ടിൽ തള്ളപ്പെടുന്നു.

ഈ കാര്യത്തിൽ യോഹന്നാൻ വളരെ വിശ്വസ്തനായിരുന്നു. അവൻ പറയുന്നു, " പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്, പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളൂ " (യോഹ. 3:36).

ഇതുപോലെ പഴയനിയമത്തിലുടനീളം മുന്നറിയിപ്പുകൾ കാണാൻ കഴിയും,

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

ഞങ്ങൾ പാപത്തെ ജയിക്കുന്നു

"നിങ്ങളെ കഴുകി വെടിപ്പാക്കുവൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻ മുമ്പിൽ നിന്ന് നീക്കിക്കളവിൻ. തിന്മ ചെയ്യുന്നതു മതിയാക്കുവിൻ; നന്മ ചെയ്വാൻ പഠിപ്പിൻ നീതിയെ അന്വേഷിപ്പിൻ; പീഡിപ്പിക്കുന്നനെ നേർവഴിക്കാക്കുവിൻ; അനാഥനും അന്യായം നടത്തിക്കൊടുപ്പിൻ; വിധവയ്ക്കു വേണ്ടി വ്യവഹരിപ്പിൻ; നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും; രക്താംബരംപോലെ കടുംചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസു വച്ചു കേൾക്കുന്നു എങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തു മത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിനിരയായിത്തീരും " (യെശ.1:16-20).

വേദപുസ്തക വചനങ്ങൾ മധുരവാക്കുകളല്ല, അവർ ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നു. വേദപുസ്തകം പറയുന്നു, **ദൈവം സ്നേഹം ആകുന്നു** (1യോഹ. 4:8), എന്നാൽ ഇതുകൂടെ പറയുന്നു, " ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ" (എബ്രാ. 12:29).

അനുതാപമുള്ള ഒരു ഹൃദയത്തോടുകൂടെ യേശുവിൽ ആശ്രയിച്ചാൽ, ദൈവം അവനോട് കരുണ കാണിക്കും, എന്നാൽ മറുത്തു മത്സരിക്കുന്നു എങ്കിൽ വാളിനിരയായിത്തീരും.

നമ്മുടെ ഏക പ്രത്യാശ യേശുക്രിസ്തുവിന്റെ മുറിവുകളിലാണ്, നമ്മുടെ അഭയം തന്റെ രക്തത്തിലാണ്. അവിടെ, അവിടെ മാത്രമാണ് നമുക്കു കരുണ കിട്ടുന്നത്, നാം പാപം ചെയ്തപ്പോൾ, എന്നാൽ അവിടുത്തെ കരുണ പരിധിയില്ലാത്തതും സൗജന്യവുമാണ് ! ഹല്ലേലൂയ്യാ!

പാപത്തിന്റെ ഉയർന്ന ഗൗരവം

" ഭോഷന്മാരെ, അകൃത്യയാഗം പരിഹസിക്കുന്നു " ശലോമോൻ എഴുതിയിരിക്കുന്നു, മനുഷ്യൻ ഇപ്പോഴും നടത്തപ്പെടുന്നത് സർപ്പത്തിന്റെ വക്കുകളാലാണ്, പറയുന്നു, " നിങ്ങൾ മരിക്കയില്ല " (ഉല്പ. 3:4).

ദൈവത്തിന്റെ മാറ്റമില്ലാത്ത വിശുദ്ധിയെയും സ്വഭാവത്തെയും നിയമങ്ങളെയും അറിയുന്നവർ ദൈവത്തെ ഭയപ്പെടും. ദൈവത്തെ ഭയപ്പെടേണ്ടതാണ് എന്ന് അവർ അറിയുന്നു. കർത്താവ് ഭയങ്കരൻ ആണ് അവർക്ക്. " തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു ". ഒരിക്കലും വേർപിരിക്കാത്ത നിലയിൽ ആ സ്നേഹത്തോട് പറ്റിച്ചേരുന്നു, ആ സ്നേഹത്തോട് പറ്റിയിരിക്കുന്നവൻ ദൈവത്തെ ഭയപ്പെടുന്നു, ബഹുമാനമുള്ള ഭയം, അത് പാപത്തിൽ നിന്നും നമ്മെ വിടുവിക്കുന്നു. ദൈവത്തെ ബഹുമാനിക്കുകയും സ്നേഹിക്കുന്നവനെ ദൈവം അനുഗ്രഹിച്ച് ഉയർത്തുന്നു, ക്രിസ്തുവിനെ വെറുക്കുന്ന പാപികൾ ന്യായവിധിയുടെ ആഴങ്ങളിൽ തള്ളപ്പെടുന്നു.

പാപത്തെക്കുറിച്ചുള്ള ദർശനവും ദുഷ്ടന്മാർക്കെതിരെയുള്ള ദൈവ കോപവും, അടിമത്വത്തെക്കുറിച്ചുള്ള ഒരു ബോധവും ദൈവത്തിൽ നിന്നും മറഞ്ഞരിക്കുവാൻ നമ്മെ നിർബ്ബന്ധിക്കുന്നു. ആദാമും ഹൗവയും ഏദന്റെ മരങ്ങളുടെയിടയിൽ ഒളിച്ചതുപോലെ, എന്നാൽ വിശുദ്ധ, അപ്പനമ്മമാരെ ഭയപ്പെടുന്നതുപോലെ, അഭയത്തിനായി കർത്താവിന്റെ കരങ്ങളിൽ ആശ്രയമായി, കുഞ്ഞാടിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ചവരായി, " ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് " (യോഹ. 1:29). ❖

വിശുദ്ധജീവിതത്തിന്റെ പ്രത്യേകതകൾ

By J.C.Ryle

" ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല" (എബ്രാ. 12:14).

വേദപുസ്തകം പറയുന്ന വിശുദ്ധിയെക്കുറിച്ച് ഒരു ചിത്രം വരക്കുവാനായി ഞാൻ ശ്രമിച്ചാൽ, എന്റെ ഹൃദയത്തിന്റെ കണ്ണിൻ മുമ്പിൽ അത് വ്യക്തമായി കാണും.

ദൈവത്തിന്റെ വിശുദ്ധിയുടെ സ്വഭാവത്തെക്കുറിച്ച് വിശദമായി വിശുദ്ധ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ന്യായം വിധിക്കുന്ന ദൈവത്തിന്റെ സ്വഭാവമാണ്, ദൈവം വെറുക്കുന്നതിനെ വെറുക്കേണം, ദൈവം സ്നേഹിക്കുന്നതിനെ നാം സ്നേഹിക്കേണം, ലോകത്തിലുള്ള എല്ലാറ്റെയും ദൈവത്തിന്റെ നിലവാരത്തിൽ അളക്കേണം.

അവിടുന്നു വിശുദ്ധനാണ്

ഒരു വിശുദ്ധമനുഷ്യൻ തന്റെ ജീവിതത്തിൽ അറിയപ്പെടുന്ന പാപത്തെ മരിപ്പിക്കേണം. ദൈവത്തിന്റെ കല്പനകൾ അനുസരിക്കേണം. അവന് കർത്താവിങ്കലേക്ക് ഒരു ഉറച്ച തീരുമാനം ഉണ്ടാകേണ്ടതാണ്. അവിടുത്തെ ഇഷ്ടം ചെയ്യുവാനുള്ള ഒരു ഹൃദയാംഗമായ തീരുമാനം, ലോകത്തെ മഹത്വപ്പെടുന്നതിനെക്കാൾ ദൈവത്തെ മഹത്വപ്പെടുത്തുവാനും എല്ലാ വഴികളിലും ദൈവത്തെ സ്നേഹിക്കേണ്ടതുമാകുന്നു.

പൗലൊസ് പറയുന്നത്, "ഉള്ളംകൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു " (റോമ. 7:221). ദാവീദ് പറയുന്നത്, " ആകയാൽ നിന്റെ സകല കല്പനകളേയും ഒത്തത് എന്ന് എണ്ണി ഞാൻ സകല വ്യാജമാർഗ്ഗത്തെയും വെറുക്കുന്നു " (സങ്കീ. 119:128).

ഒരു വിശുദ്ധ മനുഷ്യൻ കർത്താവായ യേശുക്രിസ്തുവിൽ ജീവിക്കേണം. അവൻ വിശ്വാസജീവിതം നയിക്കുന്ന അനുഭവം മാത്രമല്ല, അവിടുത്തേക്കു വേണ്ടി വേല ചെയ്യുകയും, കർത്താവിൽ ഉണ്ടായിരുന്ന വിശ്വാസത്തെ അവൻ തന്റെ രൂപത്തോട് അനുരൂപപ്പെടുകയും വേണം (റോമ. 8:29). ഇത് അവന്റെ ലക്ഷ്യമായിരിക്കുകയും, ക്രിസ്തു നമ്മോടു ക്ഷമിച്ചതുപോലെ നാം മറ്റുള്ളവരോട് ക്ഷമിക്കയും ; സ്വാർത്ഥതയില്ലാത്തവരായിരിക്കയും, കർത്താവു തന്നെത്തന്നെ മഹത്വപ്പെടുത്താതെയും; താഴ്മയുള്ളവരായിരിക്കുകയും വേണം.

ക്രിസ്തുവാണ് സത്യത്തിന്റെ വിശ്വസ്ത സാക്ഷി എന്ന് അവിടുന്ന് വന്നത് അവിടുത്തെ സ്വന്ത ഇഷ്ടം ചെയ്യുവാനല്ല; പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതാണ് തന്റെ ആഹാരവും പാനീയവും; താൻ തന്നെത്തന്നെ വെറുത്തു മറ്റുള്ളവരെ ശുശ്രൂഷിക്കുകയാണ്. അവിടുന്ന് താഴ്മയുള്ളവനായിരുന്നു; അവിടുന്ന് പാപവപ്പെട്ട തന്റെ ഭക്തന്മാരെക്കുറിച്ച് ചിന്തയുള്ളവനായിരുന്നു; രാജാക്കന്മാരേക്കാൾ പാപികളോട് മനസലിവുള്ളവൻ ആയിരുന്നു, അവിടുന്ന് ശക്തനും പാപത്തോട് അജ്ഞാനം ഇല്ലാത്തവനും ആയിരുന്നു; മനുഷ്യരുടെ പ്രസാദം ആവശ്യമായിരുന്നില്ല; അവിടുന്ന് ലോകമനുഷ്യനിൽ നിന്നും വേർപെട്ടവൻ ആയിരുന്നു; അവിടുന്ന് തുടർച്ചയായി പ്രാർത്ഥനയിൽ സമയം വേർതിരിച്ചു; ദൈവം അയച്ചതായ ദൗത്യം പൂർത്തിയാക്കാനുള്ള പരിശ്രമിത്തിലായിരുന്നു.

(ശേഷം 8-ാം പേജിൽ)

(7-ാംപേജിന്റെ തുടർച്ച)

വിശുദ്ധ ജീവിതത്തിന്റെ പ്രത്യേകതകൾ

ഈ എല്ലാ കാര്യങ്ങളും ഒരു വിശുദ്ധ മനുഷ്യൻ ഓർക്കാൻ ശ്രമിക്കും. അവരിലൂടെ എല്ലാ കാര്യങ്ങളും പൂർത്തിയാക്കും. യോഹന്നാന്റെ വാക്കുകളിൽ, “അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു” (1യോഹ. 2:6). പത്രോസിന്റെ വാക്കുകളിൽ, അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. “ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചവടു പിൻതുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു” (1പത്രൊ. 2:21). തന്റെ ജീവിതത്തിൽ എല്ലാറ്റിനും എല്ലാമായി ക്രിസ്തുവിനെ അംഗീകരിക്കുന്നവൻ ഭാഗ്യവാൻ, രക്ഷക്കും മാതൃകയും അവിടുന്ന് കാരണമാകുന്നു! എത്രത്തോളം സമയം നാം രക്ഷിക്കപ്പെട്ടിരിക്കുന്നുവോ അത്രത്തോളം സമയം നമ്മുടെ പാപങ്ങൾ തടയപ്പെട്ടിരിക്കുന്നു. മനുഷ്യൻ പലപ്പോഴും ഒരു ചോദ്യം ചോദിക്കാറുണ്ട്. “എന്താണ് കർത്താവ് പറഞ്ഞത്, ചെയ്തത്, അവിടുന്ന് എന്റെ സ്ഥാനത്ത് ആയിരുന്നു എങ്കിൽ”?

ഒരു വിശുദ്ധമനുഷ്യൻ, താഴ്മ, ദയ, ഔദാര്യം, നാവിന്റെ നിയന്ത്രണം എന്നിവ പിന്തുടരേണ്ടതാണ്. അവൻ ധാരാളം വഹിക്കേണം, കാഴ്ചപ്പാട് ഉള്ളവനായിരിക്കേണം. സംസാരത്തിൽ പക്വതയുണ്ടായിരിക്കേണം. ദാവീദിന്റെ ജീവിതത്തിൽ ശിമെയി തന്നോട് കോപിച്ചപ്പോൾ തന്റെ പെരുമാറ്റം ജീവിതത്തിൽ ശ്രദ്ധേയമാണ് (2ശമു. 16:10), മോശയുടെ ജീവിതത്തിൽ, അഹരോനും മിര്യാമും തനിക്കെതിരായി നിന്നപ്പോൾ (സംഖ്യാ.12:3).

ഒരു വിശുദ്ധ മനുഷ്യൻ തന്നെത്താൻ ത്യജിക്കുന്നവനായിരിക്കേണം. തന്റെ ശരീരത്തിന്റെ ആഗ്രഹങ്ങൾ താൻ മരിപ്പിക്കേണം, തന്റെ ജഡിക താല്പര്യങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണം.

അതെ, കർത്താവിന് അപ്പോസ്തലന്മാരോടുള്ള വാക്കുകൾ എത്ര അത്ഭുതകരമാണ്. “നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം നിങ്ങൾക്ക് പെട്ടെന്ന് കണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ” (ലൂക്കൊ. 21:34).

ഒരു വിശുദ്ധ മനുഷ്യൻ സ്നേഹവും സഹോദര തുല്യമായ ദയയും പിന്തുടരേണ്ടതാണ്. മറ്റുള്ളവർ തങ്ങൾക്കു ചെയ്യണം എന്ന് ആഗ്രഹിക്കുന്ന നന്മ

അവർക്ക് ചെയ്യണം എന്ന “സുവർണ്ണ പ്രമാണം” പിന്തുടരേണ്ടതാണ്. സഹോദരവർഗ്ഗങ്ങളോട് പൂർണ്ണ കരുണയുള്ളവരായിരിക്കേണം. അവരുടെ ശരീരങ്ങളോട്, അവരുടെ വസ്തുവകകളോട്, അവരുടെ സ്വഭാവത്തോട് അവരുടെ തോന്നലുകളോട് അവരുടെ ആത്മാക്കളോടും കരുതലുള്ളവർ ആയിരിക്കേണം. അന്യോന്യം സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്, അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ” (റോമർ 13:8). അവൻ കള്ളം, ചാഞ്ചാട്ടം, പിൻവലിയിൽ, ചതി, വിശ്വസ്തയില്ലായ്മ, അശുദ്ധമായ ഇടപെടലുകൾ എല്ലാം വെറുക്കുന്നു. ചെറിയ കാര്യങ്ങൾ പോലും സൽപ്രവൃത്തികളെക്കൊണ്ട് തന്റെ സമൂഹത്തെ അലങ്കരിച്ചു മനോഹരമാക്കുവാൻ അവൻ ശ്രമിക്കേണം.

എത്ര ഖണ്ഡിതമായ വാക്കുകളാണ് 1കൊരി. 13-ാം അധ്യായത്തിൽ നാം കാണുന്നത്. പർവ്വത പ്രസംഗങ്ങളിലും നാം കാണുന്നത്. അനേക വിശ്വാസികളുടെ ജീവിതത്തിലും ഇതുപോലെയാണ്.

എത്ര കരുണയോടും ആർദ്രതയോടും ആണ് ഒരു വിശുദ്ധമനുഷ്യൻ മറ്റുള്ളവരോട് ഇടപെടേണ്ടത്. ഇടുങ്ങിയ ചിന്താഗതിക്കാരനായിരിക്കരുത്. അവൻ ഒരു പരുക്കൻ സ്വഭാവക്കാരനായിരിപ്പാൻ പാടില്ല. എല്ലാവർക്കും നന്മ ചെയ്യുവാൻ ശ്രമിക്കേണം. തന്റെ തലമുറയിൽ പ്രയോജനമുള്ളവനായി ജീവിപ്പാൻ ശ്രമിക്കേണം. ആത്മീക ആവശ്യങ്ങളിൽ അവരുടെ ക്ഷീണ അവസ്ഥകളിൽ കഴിയുന്നതുപോലെ സഹായികളാകണം. “യോപ്പയിൽ പേടമാൻ എന്നർത്ഥമുള്ള തബീഥാ എന്ന് പേരുള്ളോരു ശിഷ്യ ഉണ്ടായിരുന്നു; അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നിരുന്നു” (പ്രവൃത്തി.9:36). കേവലം വാക്കുകൊണ്ടു പറയുന്നവളായിട്ടല്ല. ഇതുപോലൊരു വ്യക്തിയായിരുന്നു പൗലൊസ്. “ഞാൻ അതിസന്തോഷത്തോടെ നിങ്ങളുടെ ജീവനുവേണ്ടി ചെലവിടുകയും ചെലവായിപ്പോകയും ചെയ്യും; ഞാൻ നിങ്ങളെ അധികമായി സ്നേഹിച്ചാൽ നിങ്ങൾ എന്നെ അല്പമായി സ്നേഹിക്കുന്നുവോ”? (2 കൊരി. 12:15).

ഒരു വിശുദ്ധ മനുഷ്യൻ ഹൃദയവിശുദ്ധി പാലിക്കേണം. സകല അധാർമ്മികതയെയും വിട്ടകലണം. ആത്മാവിന്റെ സകല അശുദ്ധിയേയും വിട്ടകലണം. അവൻ വേഗത്തിൽ തീ പിടിക്കുന്ന രീതിയിലാണ് ഹൃദയം എന്ന് അവൻ അറിയുന്നു. അതുകൊണ്ട് തീപ്പൊരിയിൽ നിന്നും അവനെ സൂക്ഷിച്ചു കാക്കണം. ദാവീദ് വീഴുവാൻ തുടങ്ങുമ്പോൾ ആർ അവന്റെ ബലത്തെക്കുറിച്ച് സംസാരിക്കും?

ഒരു വിശുദ്ധ മനുഷ്യൻ ദൈവത്തിൽ വിശുദ്ധിയോടെ ജീവിക്കണം. ഞാൻ അർത്ഥമാക്കുന്നത് ഒരു അടിമയുടെ ഭയം. അവൻ വേല ചെയ്യുന്നു, കാരണം അവൻ യജമാനന്റെ ശിക്ഷയെ ഭയപ്പെടുന്നു, എപ്പോഴും ഭയം പേറുന്നവനാണ്. ഒരു കൊച്ചു കുട്ടിയുടെ ഭയം കാരണം താൻ ജീവിക്കുന്നതും ചലിക്കുന്നതും അപ്പന്റെ ഇഷ്ടത്തിനാണ്, അപ്പൻ അവനെ സ്നേഹിക്കുന്നു.

ഇതിനെക്കുറിച്ച് നെഹെമ്യാവ് നല്ല ഒരു ഉദാഹരണം നൽകുന്നുണ്ട്! യരുശലേമിന്റെ ഗവർണ്ണറായി അദ്ദേഹം നിയമിതനായപ്പോൾ, തന്റെ അഹോവൃത്തിക്കായി ജനത്തോട് ആവശ്യപ്പെടാമായിരുന്നു, മുൻ ഗവർണ്ണർമാർ അങ്ങനെ ചെയ്തു വന്നു. നെഹെമ്യാവു അങ്ങനെ ചെയ്താൽ ആരും തന്നെ പഴിക്കയില്ല. എന്നാൽ താൻ പറയുന്നത്, “എനിക്കു മുമ്പേ ഉണ്ടായിരുന്ന ദേശാധിപതികൾ ജനത്തിനു ഭാരമായിരുന്നു; നാല്പത് ശേക്കൽ വെള്ളി വീതം വാങ്ങിയതു കൂടാതെ അപ്പവും വീഞ്ഞും കൂടെ അവരോട് വാങ്ങി; അവരുടെ ഭൃത്യന്മാരും ജനത്തിന്മേൽ കർതൃത്വം നടത്തി വന്നു; ഞാനോ ദൈവഭയം ഹേതുവായി അങ്ങനെ ചെയ്തില്ല” (നെഹെ. 5:15).

ഒരു വിശുദ്ധ മനുഷ്യൻ താഴ്മയോടെ ജീവിക്കണം. അവൻ ആഗ്രഹിക്കുന്നു, താഴ്മയിൽ ജീവിക്കുവാൻ, മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊള്ളുവാൻ താൻ തീരുമാനിക്കുന്നു. തന്റെ ഹൃദയത്തിൽ പാപമുണ്ട് എന്ന് താൻ കാണുന്നു. ലോകത്തിൽ ആരെക്കാളുമുപരി തന്റെ പാപത്തെ താൻ കാണുകയാണ്.

(ശേഷം 9-ാം പേജിൽ)

(8-ാംപേജിന്റെ തുടർച്ച)

വിശുദ്ധ ജീവിതത്തിന്റെ പ്രത്യേകതകൾ

പൗലൊസ് പറയുന്നത്, “ആ പാപികളിൽ ഞാൻ ഒന്നാമൻ” (1തിമൊ. 1:15).

വിശുദ്ധ ജോൺ ബ്രാഡ്ഫോർഡ്, വിശ്വസ്തനായി കർത്താവിനുവേണ്ടി രക്ത സാക്ഷിയായ മനുഷ്യൻ, തന്റെ എഴുത്തുകളുടെ അവസാനം ഇങ്ങനെ എഴുതി അവസാനിപ്പിക്കാറുണ്ട്, “അധമ പാപിയായ ജോൺ ബ്രാഡ് ഫോർഡ് ”.

ദൈവഭക്തനായ വില്യം ഗ്രിംഷായുടെ അവസാന വാക്കുകൾ, താൻ മരണക്കിടക്കയിൽ ആയിരിക്കുമ്പോൾ പറഞ്ഞത്, “ ഇതാ പോകുന്നു ഒരു ഉപയോഗമില്ലാത്ത ദാസൻ”!

ഒരു വിശുദ്ധമനുഷ്യൻ തന്റെ പ്രവൃത്തികളിലും ബന്ധങ്ങളിലും വിശ്വസ്തത പുലർത്തേണ്ടതാണ്. അവൻ ശ്രമിക്കും, തന്റെ ഒഴിവ് പൂരിപ്പിക്കുകയല്ല, ആത്മാക്കളെക്കുറിച്ച് ചിന്തയില്ലാതെയുമല്ല, അതിനെക്കാൾ നല്ലത്, ഉന്നത ലക്ഷ്യം ഉള്ളവരായി, മറ്റുള്ളവരെക്കാൾ അധികം ചെയ്യുന്നവരായി കാണപ്പെടേണ്ടത് ആവശ്യമാണ്. പൗലൊസിന്റെ വാക്കുകൾ ഒരിക്കലും മറക്കുവാൻ കഴികയില്ല, “ ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ” (റോമർ 12:11).

വിശുദ്ധജനം എല്ലാറ്റിലും ലക്ഷ്യമുള്ളവരായി എല്ലാം നന്നായി ചെയ്യും, ഒരു ദുഷ്പേരിന് ഇടംകൊടുക്കാതെ കഴിയുന്ന സഹായം ചെയ്യും. ദാനിയേലനെപ്പോലെ, “അപ്പോൾ ആ പുരുഷന്മാർ നാം ഈ ദാനിയേലിന്റെ ദൈവത്തിന്റെ ന്യായപ്രമാണം സംബന്ധിച്ചുള്ളതല്ലാതെ മറ്റൊരുകാരണവും കണ്ടെത്തുകയില്ല എന്ന് പറഞ്ഞു(ദാനി. 6:5). അവർ നല്ല ഭർത്താവായിരിക്കുവാൻ നല്ലഭാര്യയായിരിക്കുവാൻ ശ്രമിക്കേണം. നല്ല മാതാപിതാക്കളായി നല്ല കുഞ്ഞുങ്ങളായി നല്ല യജമാനന്മാരായി നല്ല വേലക്കാരിയായി നല്ല അയൽക്കാരായി, നല്ല കൂട്ടുകാരായി, നല്ല വിഷയങ്ങളായി, സ്വകാര്യ ഇടങ്ങളിൽ നല്ലവരായി പൊതു സ്ഥലങ്ങളിൽ നല്ലവരായി, ഇടപെടലുകളിൽ നല്ലവരായി, അവരുടെ തീച്ചൂളയിലും നല്ലവരായി നില്ക്കുവാൻ ശ്രമിക്കണം.

വിശുദ്ധി ഒരു ചെറിയ കാര്യമായിത്തീരാറുണ്ട്. യേശു ശിഷ്യന്മാരോടായി ഒരു ചോദ്യം ചോദിക്കുന്നു, സഹോദരന്മാരെ വന്ദനം ചെയ്താൽ നിങ്ങൾക്ക് എന്ത് വിശേഷം ചെയ്യുന്നു” ? (മത്താ. 5:47).

ഒടുവിൽ ആത്മിക മനസിനെ പിൻപറ്റിയാൽ നാം ഒട്ടും കുറവില്ലാത്തവർ ആയിരിക്കും. അവന്റെ പ്രതീക്ഷ ഉയരത്തിലാണ്, ഭൂമിയിലെ കാര്യങ്ങൾക്ക് അവന്റെ കൈ അയഞ്ഞിരിക്കും. ഇന്നത്തെ ജീവിതത്തിന്റെ കാര്യങ്ങളെ അവൻ ഉപേക്ഷിക്കയില്ല; എന്നാൽ ഒന്നാമതായി മനസിലും ചിന്തയിലും അവന്റെ പ്രത്യാശ നിത്യമായ യാഥാർത്ഥ്യങ്ങളിലായിരിക്കും. അവന്റ ലക്ഷ്യം മുഴുവനും സ്വർഗ്ഗീയ ഉറവുകളിലായിരിക്കും, ഈ ലോകത്തിൽ അവൻ ഒരു അപരിചിതനാണ്. ഒരു തീർത്ഥാടകനെപ്പോലെ സഞ്ചരിച്ച് വീട്ടിലേക്ക് പോകുന്നവനാണ്.

ദൈവത്തോട് കൂട്ടായ്മ ആചരിക്കണം, പ്രാർത്ഥിക്കണം, ഇതായിരിക്കണം നമ്മുടെ പ്രധാന കാര്യങ്ങൾ. സ്ഥലവും സമൂഹവും അവൻ വിലയിരുത്തും, ദൈവത്തോട് തന്നെ അടുപ്പിക്കുന്ന അവൻ തെരഞ്ഞെടുക്കും. ചിലതിലേക്ക് അവൻ പ്രവേശിക്കും, ദാവീദ് പറയുന്നു, “ എന്റെ ഉള്ളം നിന്നോട് പറ്റിയിരിക്കുന്നു!” (സങ്കീ. 63:8). യഹോവേ നീ എന്റെ ഓഹരിയാകുന്നു” (സങ്കീ. 119:57)

ഇപ്രകാരം ഒരു സ്വഭാവം എന്റെ ജീവിതത്തിൽ ഞാൻ ഏറ്റെടുക്കുന്നു, ഇതാകുന്നു ഒരു വിശ്വാസിയുടെ ഹൃദയത്തിന്റെ ആഗ്രഹം. ഇത് അവന് ലഭിച്ചില്ലെങ്കിൽ, ലഭിക്കുന്നതുവരെയും അതിനായി മുട്ടിക്കൊണ്ടിരിക്കും. ഒരു പക്ഷേ അവന് ലഭിച്ചില്ലായിരിക്കാം, അവൻ അതിനെ ലക്ഷ്യം വച്ച് യാത്ര തുടരുന്നുണ്ടായിരിക്കും. ഇതു നിങ്ങളുടെ ആഗ്രഹവും അദ്ധ്വാനവും ആയിരിക്കട്ടെ.

ഞാൻ വ്യക്തമായും വിളിച്ചു പറയുന്നു, യഥാർത്ഥ വിശുദ്ധി, അതൊരു യഥാർത്ഥ്യമാണ്. ഇത് ഒരുവന്റെ ജീവിതത്തിലുണ്ടെങ്കിൽ അവൻ ജീവിക്കുന്ന ചുറ്റുപാടിൽ അത് അറിയും, അനുഭവമാകും.

ഇത് വെളിച്ചം ആണ് ഇത് നിലനിൽക്കുന്നു എങ്കിൽ, ഇതിനെ കാണിക്കും. ഇത് ഉപ്പാണ്. ഇത് നിലനിൽക്കുന്നു എങ്കിൽ, അത് ആസ്വാദ്യകം ആയിരിക്കും. ഇത് വിലയേറിയ ഒരു ജലപാനമാണ്. ഇത് അങ്ങനെ ആയിരിക്കണം എങ്കിൽ, അതിന്റെ സുഖം അത് മറഞ്ഞിരിക്കുന്നില്ല.

വിശുദ്ധിയും ദൈവത്തിന്റെ വചനവും

By William Culbertson

“ ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു ” (സങ്കീ. 119:11).

ദൈവവചനത്തിന് ശക്തിയുണ്ട്. അതിനെ ഉപയോഗിക്കുമ്പോൾ, അത് ദൈവമക്കളിൽ വിജയം നൽകുന്നു. ഒരു വിശ്വാസിയുടെ ഹൃദയത്തിൽ വിശുദ്ധിയുടെ ആത്മാവ് വസിക്കുന്നു. നമ്മുടെ കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു, “ ഞാൻ നിങ്ങളോട് സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു ” (യോഹ. 15:3). അപ്പോസ്തലനായ പൗലൊസ് പരിശുദ്ധാത്മാവിൽ സംസാരിച്ചത്, അവൻ അവളെ വചനത്തോടുകൂടിയ ജല സ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായത് ഒന്നും അല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ മുൻ നിറുത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു ” (എഫെ. 5:26).

നമ്മുടെ ഹൃദയത്തിൽ വിശുദ്ധിയുടെ ഒരു പ്രത്യാശയുണ്ടെങ്കിൽ പരിശുദ്ധാത്മാവിനെ പ്രാപിച്ചാൽ ക്രിസ്തുവിനെപ്പോലെ ആകുവാനുള്ള ഏറിയ ആഗ്രഹം ഉണ്ടായിരിക്കും. പരിശുദ്ധാത്മാവ് നമ്മെ ദൈവത്തിന്റെ വചനപകാരം വഴി നടത്തും. ദൈവത്തിന്റെ വചനം ഒരുവനെ നശിച്ചുപോകാതെ പരിശുദ്ധാത്മാവിനാൽ ശക്തീകരിക്കും. ഡി.എൽ.മൂഡിയെ ഈ വചനം ശക്തീകരിച്ച് ബലപ്പടുത്തി, ഈ പുസ്തകം പാപത്തിന്റെ സ്വാധീനത്തിൽ നിന്നും എന്നെ വിടുവിച്ച് ശക്തീകരിക്കുന്നു.

❖